# മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ

(1) ലിസ്റ്റ് 1 പ്രകാരം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യവിവരപ്പട്ടികയിലെ 3 അനുസരിച്ചുള്ള കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

1. ജി.ഒ.(ആർറ്റി) നമ്പർ 2381/2012/ഹോം. തീയതി 8-8-2012
(എസ്.ആർ.ഒ. നമ്പർ 595/2012) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

2. ജി.ഒ.(ആർറ്റി.)നമ്പർ. 149/2013/ജി.എ.ഡി. തീയതി 4-1-2013
(എസ്.ആർ.ഒ. നമ്പർ 8/2013)

3. നോട്ടിഫിക്കേഷൻ നമ്പർ 4055/എ1/12/ഇഎൻവിറ്റി. തീയതി 7-1-2013
(എസ്.ആർ.ഒ. നമ്പർ 22/2013, 23/2013)

4. ജി.ഒ.(ആർറ്റി.)നമ്പർ. 397/2013/ജി.എ.ഡി. തീയതി 15-1-2013
(എസ്.ആർ.ഒ. നമ്പർ 25/2013)

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, കാര്യവിവരപ്പട്ടികയിലെ 3(7) അനുസരിച്ചുള്ള കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ജി.ഒ.(പി) നമ്പർ 151/2012/എസ്‌സിഎസ്ടിഡിഡി തീയതി 10-12-2012
(എസ്.ആർ.ഒ. നമ്പർ 852/2012)

<u>മി. സ്പീക്കർ</u>: .......(ബഹളം)......... ഞാൻ നേരത്തേ പറഞ്ഞല്ലോ നാളെയാകട്ടെയെന്ന്. ഇന്ന് സഭ തുടങ്ങാറായപ്പോഴാണ് കൊണ്ടുവന്നത്. യെസ്......., യെസ്......., വെറുതെ ബഹളമുണ്ടാക്കേണ്ട. ബഹളം വച്ചതുകൊണ്ടൊന്നും സബ്മിഷൻ കിട്ടില്ല. നാളെ സബ്മിഷൻ അനുവദിച്ചാലും ഏതെങ്കിലും ഒരാളിനേ അനുവദിക്കുകയുള്ളൂ, ഒരേ വിഷയമാണ്.

<u>ശ്രീമതി. കെ. എസ്. സലീഖ</u>: ..........(മൈക്ക് ഓഫ്)........... സർ, സബ്മിഷൻ നേരത്തേ എഴുതി നൽകിയിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: സബ്മിഷനിൽ പറഞ്ഞിരിക്കുന്ന സംഭവം ഇന്നലെയും ഇന്നുമായിട്ടാണ് നടന്നത്. അപ്പോഴെങ്ങനെയാണ് നേരത്തേ തരുന്നത്? യേസ്........, ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രീ........

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>): സർ, കാര്യവിവരപ്പട്ടികയിലെ 3(3) അനുസരിച്ചുള്ള കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(പി) നമ്പർ 271/2012/റ്റിഡി തീയതി 31-12-2012

   (എസ്.ആർ.ഒ. നമ്പർ 893/2012)

2. ജി.ഒ.(പി) നമ്പർ 2/2013/റ്റിഡി തീയതി 3-1-2013

   (എസ്.ആർ.ഒ. നമ്പർ 6/2013)

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): സർ, കാര്യവിവരപ്പട്ടികയിലെ 3(4) അനുസരിച്ചുള്ള കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(പി) നമ്പർ 83/2012/ട്രാൻ. തീയതി 6-12-2012
(എസ്.ആർ.ഒ. നമ്പർ 849/2012)

2. ജി.ഒ.(പി) നമ്പർ 86/2012/ട്രാൻ. തീയതി 7-12-2012
(എസ്.ആർ.ഒ. നമ്പർ 862/2012)

3. ജി.ഒ.(എം.എസ്) നമ്പർ 29/2012/പി.ഡി. തീയതി 7-12-2012
(എസ്.ആർ.ഒ. നമ്പർ 863/2012) എസ്.ആർ.ഒ. നമ്പർ 780/2012-ന്റെ തിരുത്തൽ വിജ്ഞാപനം

4. ജി.ഒ.(പി) നമ്പർ 91/2012/ട്രാൻ. തീയതി 22-12-2012
(എസ്.ആർ.ഒ. നമ്പർ 894/2012)

5. ജി.ഒ.(എം.എസ്) നമ്പർ 1/2013/പി.ഡി. തീയതി 11-1-2013
(എസ്.ആർ.ഒ. നമ്പർ 21/2013)

6. ജി.ഒ.(പി) നമ്പർ 02/2013/ട്രാൻ. തീയതി 15-1-2013
(എസ്.ആർ.ഒ. നമ്പർ 48/2013)

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കാര്യവിവരപ്പട്ടികയിലെ 3(5) അനുസരിച്ചുള്ള കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ജി.ഒ.(പി) നമ്പർ 262/2012/റ്റി.ഡി. തീയതി 12-12-2012
(എസ്.ആർ.ഒ. നമ്പർ 857/2012)

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കാര്യവിവരപ്പട്ടികയിലെ 3(6) അനുസരിച്ചുള്ള കടലാസ്സുകൾ സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(പി) നമ്പർ 145/2012/കോ-ഓപ്പ്. തീയതി 19-12-2012
   (എസ്.ആർ.ഒ. നമ്പർ 892/2012)

2. ജി.ഒ.(പി) നമ്പർ 02/2013/കോ-ഓപ്പ്. തീയതി 4-1-2013
   (എസ്.ആർ.ഒ. നമ്പർ 7/2013)

3. ജി.ഒ.(പി) നമ്പർ 3/2013/കോ-ഓപ്പ്. തീയതി 4-1-2013
   (എസ്.ആർ.ഒ. നമ്പർ 16/2013)

4. ജി.ഒ.(പി) നമ്പർ 09/2013/കോ-ഓപ്പ്. തീയതി 16-1-2013
   (എസ്.ആർ.ഒ. നമ്പർ 27/2013)

5. ജി.ഒ.(പി) നമ്പർ 04/2013/കോ-ഓപ്പ്. തീയതി 7-1-2013
   (എസ്.ആർ.ഒ. നമ്പർ 29/2013)

6. ജി.ഒ.(പി) നമ്പർ 08/2013/കോ-ഓപ്പ്. തീയതി 16-1-2013

(എസ്.ആർ.ഒ. നമ്പർ 49/2013)

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, കാര്യവിവരപ്പട്ടികയിലെ 3(7) അനുസരിച്ചുള്ള കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

നോട്ടിഫിക്കേഷൻ നമ്പർ 3508/ജി2/07/പിഡബ്ല്യൂഡി തീയതി 20-12-2012

(എസ്.ആർ.ഒ. നമ്പർ 881/2012)

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, കാര്യവിവരപ്പട്ടികയിലെ 3(8) അനുസരിച്ചുള്ള കടലാസ്സുകൾ ബഹുമാനപ്പെട്ട വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(പി) നമ്പർ 116/2012/എഫ്&ഡബ്ല്യൂഎൽഡി തീയതി 7-12-2012

(എസ്.ആർ.ഒ. നമ്പർ 851/2012)

2. ജി.ഒ.(പി) നമ്പർ 114/2012/എഫ്&ഡബ്ല്യൂഎൽഡി തീയതി 1-12-2012

(എസ്.ആർ.ഒ. നമ്പർ 867/2012)

3. ജി.ഒ.(പി) നമ്പർ 120/2012/എഫ്&ഡബ്ല്യൂഎൽഡി തീയതി 28-12-2012

(എസ്.ആർ.ഒ. നമ്പർ 24/2013)

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, കാര്യവിവരപ്പട്ടികയിലെ 3(9) അനുസരിച്ചുള്ള കടലാസ് ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഞാ:ൻ മേശപ്പു റത്തുവയ്ക്കുന്നു:

നോട്ടിഫിക്കേഷൻ നമ്പർ 18133/സിഎഡി.1/2012/ഡബ്ല്യൂആർഡി
തീയതി 26-12-2012 (എസ്.ആർ.ഒ. നമ്പർ 886/2012)

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, കാര്യവിവരപ്പട്ടികയിലെ 3(10) അനുസരിച്ചുള്ള കടലാ സ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡിന്റെ 2011-12 വർഷത്തെ വാർഷിക റിപ്പോർട്ട്.

2. സ്റ്റീൽ&ഇൻഡസ്ട്രീയൽ ഫോർജിംങ്സ് ലിമിറ്റഡിന്റെ 2011-12 വർഷത്തെ വാർഷിക റിപ്പോർട്ട്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കാര്യവിവരപ്പട്ടികയിലെ 3(11) അനുസരിച്ചുള്ള കട ലാസ്സുകൾ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(എം.എസ്) നമ്പർ 03/2013/എച്ച്എസ്ജി. തീയതി 9-1-2013
(എസ്.ആർ.ഒ. നമ്പർ 18/2013)

2. ജി.ഒ.(പി) നമ്പർ 23/2013/ഫിൻ. തീയതി 10-1-2013
(എസ്.ആർ.ഒ. നമ്പർ 26/2013)

3. ജി.ഒ.(പി) നമ്പർ 06/2013/റ്റിഡി. തീയതി 16-1-2013
(എസ്.ആർ.ഒ. നമ്പർ 30/2013)

4. ജി.ഒ.(പി) നമ്പർ 07/2013/റ്റിഡി. തീയതി 16-1-2013
(എസ്.ആർ.ഒ. നമ്പർ 31/2013)

5. ജി.ഒ.(പി) നമ്പർ 27/2013/ഫിൻ. തീയതി 15-1-2013
(എസ്.ആർ.ഒ. നമ്പർ 33/2013)

6. ജി.ഒ.(പി) നമ്പർ 8/2013/റ്റിഡി. തീയതി 17-1-2013
(എസ്.ആർ.ഒ. നമ്പർ 38/2013)

7. ജി.ഒ.(പി) നമ്പർ 45/2013/ഫിൻ. തീയതി 22-1-2013
(എസ്.ആർ.ഒ. നമ്പർ 71/2013)

8. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ കേരള സർക്കാരിനെ സംബന്ധിച്ച 2012 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ട് (സംസ്ഥാന സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ളത്).

9. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ കേരള സർക്കാരിനെ സംബന്ധിച്ച 2012 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ട് (പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചത്).

10. സ്ഥിരം ലോക്അദാലത്ത് തിരുവനന്തപുരത്തിന്റെ 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, കാര്യവിവരപ്പട്ടികയിലെ 3(12) അനുസരിച്ചുള്ള കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2008-09 വർഷത്തെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

2. കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2009-10 വർഷത്തെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

3. ദി കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2006-07 വർഷത്തെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, കാര്യവിവരപ്പട്ടികയിലെ 3(13) അനുസരിച്ചുള്ള കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ഓംബുഡ്സ്മാൻ ഫോർ ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് തിരുവനന്തപുരത്തിന്റെ 2011-12 വർഷത്തെ വാർഷിക റിപ്പോർട്ട്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, കാര്യവിവരപ്പട്ടികയിലെ 3(14) അനുസരിച്ചുള്ള കടലാസ്സുകൾ തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(പി) നമ്പർ 2/2013/എൽബിആർ. തീയതി 1-1-2013 (എസ്.ആർ.ഒ. നമ്പർ 20/2013)

2. കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതിയുടെ 2004-05 മുതൽ 2009-10 വരെയുള്ള ഓഡിറ്റ്/ഭരണ റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

3. കേരള ബാർബർ ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമ പദ്ധതിയുടെ 2004-05 മുതൽ 2009-10 വരെയുള്ള ഓഡിറ്റ്/ഭരണ റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കാര്യവിവരപ്പട്ടികയിലെ 3(15) അനുസരിച്ചുള്ള കടലാസ്സുകൾ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(എംഎസ്) നമ്പർ 312/2012/ഹോം. തീയതി 12-12-2012 (എസ്.ആർ.ഒ. നമ്പർ 877/2012)

2. ജി.ഒ.(ആർറ്റി) നമ്പർ 3794/2012/ഹോം. തീയതി 24-12-2012 (എസ്.ആർ.ഒ. നമ്പർ 9/2013)

3. ജി.ഒ.(എംഎസ്) നമ്പർ 2/2013/ഹോം. തീയതി 2-1-2013 (എസ്.ആർ.ഒ. നമ്പർ 15/2013)

4. ജി.ഒ.(ആർറ്റി) നമ്പർ 49/2013/ഹോം. തീയതി 8-1-2013 (എസ്.ആർ.ഒ. നമ്പർ 17/2013)

5. ജി.ഒ.(എംഎസ്) നമ്പർ 09/2013/ഹോം. തീയതി 17-1-2013 (എസ്.ആർ.ഒ. നമ്പർ 35/2013, 36/2013, 37/2013)

6. ജി.ഒ.(ആർറ്റി) നമ്പർ 77/2013/ഹോം. തീയതി 11-1-2013 (എസ്.ആർ.ഒ. നമ്പർ 41/2013)

7. ജി.ഒ.(ആർറ്റി) നമ്പർ 107/2013/ഹോം. തീയതി 17-1-2013 (എസ്.ആർ.ഒ. നമ്പർ 42/2013)

8. ജി.ഒ.(എംഎസ്) നമ്പർ 14/13/ഹോം. തീയതി 18-1-2013 (എസ്.ആർ.ഒ. നമ്പർ 44/2013)

നിയമസഭാ സെക്രട്ടറി (ശ്രീ. പി.ഡി. ശാരംഗധരൻ): സർ, കാര്യവിവരപ്പട്ടികയിലെ 3(16) അനുസരിച്ചുള്ള കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

നിയമസഭ പാസ്സാക്കിയ ഗവർണ്ണറുടെ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന ബില്ലുകൾ സെക്രട്ടറി മേശപ്പുറത്തുവയ്ക്കുന്നു:

1. 2012-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ആക്റ്റ് (2013-ലെ 1-ാം ആക്റ്റ്)

2. 2012-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് (2013-ലെ 5-ാം ആക്റ്റ്)

3. 2012-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ആക്റ്റ് (2013-ലെ 6-ാം ആക്റ്റ്)

<u>**(2) ചട്ടം 47(2) പ്രകാരമുള്ളത്**</u>

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കാര്യവിവരപ്പട്ടികയിലെ 3(2) അനുസരിച്ചുള്ള കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 3048, 4699 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കാര്യവിവരപ്പട്ടികയിലെ 3(2) അനുസരിച്ചുള്ള കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിമസഭയുടെ ആറാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 567-ന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി); സർ, കാര്യവിവരപ്പട്ടികയിലെ 3(2) അനുസരിച്ചുള്ള കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 682ന്റെ മറുപടിയും യഥാസമയം

മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കാര്യവിവരപ്പട്ടികയിലെ 3(2) അനുസരിച്ചുള്ള കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ 3121, 3173, 3174 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട എം. ഉമ്മർ അങ്ങേയ്ക്ക് സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കാവുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ പത്താമത് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നു.

**ക്രമപ്രശ്നം**

ശ്രീ. എം. ഉമ്മർ: സർ, നിയമസഭ പാസ്സാക്കുന്ന നിയമങ്ങൾക്ക് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം ഡെലിഗേറ്റ് ചെയ്യുമ്പോൾ ആക്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ 90 ദിവസത്തിനകം കരട് ചട്ടങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട സബ്ജക്ട് കമ്മറ്റിക്ക് അയയ്ക്കണമെന്നാണ് നിയമസഭയുടെ നട

പടിക്രമവും കൃത്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 238 (2) അനുശാസിക്കുന്നത്. അത്യാവശ്യഘട്ടങ്ങളിൽ കാര്യ കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് കരട് ചട്ടം സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതോടൊപ്പം പ്രസിദ്ധപ്പെടുത്തുവാനും അനുവദിക്കുന്നുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും ചുവടെ ചേർക്കുന്ന നിയമങ്ങൾക്ക് ചട്ടങ്ങൾ തയ്യാറാക്കി സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ഇതുവരെയുണ്ടായിട്ടില്ല. 2010ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട്, 2009-ലെ ദി പമ്പാ റിവർ ബേസിൻ അതോറിറ്റി ആക്ട്, 2010ലെ കേരള പ്രിസണുകളും സംശുദ്ധീകരണവും സാന്മാർഗ്ഗിക നിർവ്വഹണം ആക്ട്, ദി പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ ക്ലെയിം സ്പെഷ്യൽ ട്രിബ്യൂണൽ ആക്ട് 2011. അതുപോലെ 2012 ൽ പാസാക്കിയ ശമ്പളവും ബത്തകളും സംബന്ധിച്ച ഭേദഗതി നിയമം അതുപോലെ പ്രോപർട്ടി ടാക്സ് ആക്ട്. ചട്ടങ്ങൾ പുറപ്പെടുവിക്കാത്തുകൊണ്ടു മാത്രം പ്രയോഗത്തിൽ വരുത്തുവാൻ കഴിഞ്ഞിട്ടില്ലാത്ത നിയമങ്ങളെക്കുറിച്ച് ഒരു കണക്കെടുപ്പ് നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. മുൻ ഗവൺമെന്റിന്റെ കാലത്തും ഇതുപോലെ ഒരുപാട് ആക്ട് വന്നുവെങ്കിലും ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് അനാവശ്യമായ കാലവിളംബം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഇങ്ങനെയുള്ള ആക്ടുകൾ പുറപ്പെടുവിക്കുന്നതോടൊപ്പം തന്നെ സമയ ബന്ധിതമായി ചട്ടങ്ങൾ പുറപ്പെടുവിക്കാനുള്ള നടപടിയുണ്ടാകണം അതുസംബബന്ധിച്ച് റൂളിംഗുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മിനിസ്റ്ററോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ആക്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയാൽ 90 ദിവസത്തിനുള്ളിൽ ചട്ടങ്ങളുണ്ടാക്കണമെന്നാണ് വ്യവസ്ഥ. അതിന് ചില കാലതാമസം ഉണ്ടായിട്ടുണ്ടെന്നുള്ളത് ശരിയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ എഴുതി തന്നിരിക്കുന്നതനുസരിച്ച് 5 നിയമങ്ങളുടെ കാര്യമാണ് പറഞ്ഞിരിക്കുന്നത്. ആക്ടുകൾ നിയമവകുപ്പാണ് തയ്യാറാക്കുന്നതെങ്കിലും ആക്ടിന് കീഴിൽ പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ ഭരണവകുപ്പാണ് തയ്യാറാക്കുന്നത്. ഇപ്രകാരം തയ്യാറാക്കുന്ന കരട് ചട്ടങ്ങൾ നിയമവകുപ്പ് സൂക്ഷ്മ പരിശോധന നടത്തുകയും കരട് ചട്ടത്തിലെ വ്യവസ്ഥകൾ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമാണോയെന്ന് പരിശോധിക്കുകയും വേണ്ടി വന്നാൽ ആവശ്യമായ ഭേദഗതി വരുത്തുകയുമാണ് ചെയ്യുന്നത്. ഭരണ വകുപ്പിൽ നിന്ന് കിട്ടുന്ന മുറയ്ക്ക് നിയമവകുപ്പ് കാലതാമസം കൂടാതെ ഭരണ വകുപ്പിന് തിരികെ നൽകി അത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരികയുമാണ്. ഇവിടെ പറഞ്ഞ ഒന്നാമത്തെ ആക്ട് പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബില്ലാണ്. കേരള നിയമസഭ 24.2.2011ൽ അത് ഐകകണ്ഠേന പാസാക്കി പ്രസിഡന്റിന്റെ അനുമതിക്കുവേണ്ടി അയച്ചു. ഏഴ് ഡിപ്പാർട്ടുമെന്റുകളുടെ അനുമതി ആവശ്യമാണ്. ഇതിനോടകം മൂന്ന് ഡിപ്പാർട്ടുമെന്റുകളുടെ അനുമതിയേ കിട്ടിയുള്ളൂ. നാല് ഡിപ്പാർട്ടുമെന്റിന്റെ അനുമതി കൂടി കിട്ടിയതിന് ശേഷം പ്രസിഡന്റിന്റെ അംഗീകാരത്തോടുകൂടി തിരിച്ചുവന്നാൽ മത്രമേ റൂൾ ഉണ്ടാക്കുവാൻ സാധിക്കുകയുള്ളൂ. പ്ലാച്ചിമട നിയമത്തെ സംബന്ധിച്ചിടത്തോളവും കാലതാമസം ഇവിടെയല്ല കേന്ദ്രത്തിലാണ്. അത് എത്രയും വേഗം കിട്ടാൻ വേണ്ടി പരിശ്രമി

ച്ചുകൊണ്ടിരിക്കുകയാണ്. ഇനി അനുമതി കിട്ടേണ്ട നാലു വകുപ്പിലും അത് സംബന്ധിച്ച് ഡൽഹിയിലെ റസിഡന്റ് കമ്മീഷണറുമായി ബന്ധപ്പെട്ട് ഏറ്റവും വേഗം അനുമതി നേടാൻ ശ്രമിക്കുകയാണ്. 2010ലെ കേരള ഉൾനാടൻ ഫിഷ റീസും അക്വാകൾച്ചറും ആക്ട്, അത് പരിശോധനയ്ക്ക് വന്നു. പക്ഷെ നിയമം മലയാളത്തിലായതുകൊണ്ട് ചട്ടങ്ങളും മലയാളത്തിലാകണമെന്ന് പറഞ്ഞ് മലയാളം പരിഭാഷ തയ്യാറായി കൊണ്ടിരിക്കുകയാണ്. അടുത്ത യാഴ്ച അതിന്റെ നടപടി പൂർത്തിയാകുമെന്നാണ് എനിക്ക് കിട്ടിയ വിവരം. 2009ലെ ദി പമ്പാ റിവർ ബേസിൻ അതോറിറ്റി ആക്ട്, ചട്ടങ്ങൾ രൂപീകരിക്കു ന്നതിന് പ്രിൻസിപ്പൽ സെക്രട്ടറി വാട്ടർ റിസോഴ്സസ് കൺവീനറായും നിയമ വകുപ്പ് സെക്രട്ടറി, പി.ആന്റ് എ.ആർ.ഡി സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതും ഏറ്റവും വേഗത്തിലാക്കാൻ വേണ്ടി നിർദ്ദേശം കൊടുക്കുന്നതാണ്. 2010ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ട്, അത് ചട്ടങ്ങൾ പൂർത്തിയാക്കി സബ്ജക്ട് കമ്മിറ്റി യിൽ ചർച്ചയ്ക്ക് വന്നു. എന്നാൽ ആ കമ്മിറ്റിയിൽ ഭേദഗതികൾ നിർദ്ദേശിക്കു കയും ചട്ടങ്ങൾ മലയാളത്തിൽ വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരു ന്നതിനനുസരിച്ച് അത് തയ്യാറാക്കാൻ വേണ്ടി കൊടുത്തിരിക്കുകയാണ്. 2012 ൽ പാസാക്കിയ ശമ്പളവും ബത്തകളും സംബന്ധിച്ച (ഭേദഗതി) ആക്ട്, മെമ്പർമാർക്കുള്ള ഭവന നിർമ്മാണ വായ്പ സംബന്ധിച്ച ചട്ടങ്ങൾ പൂർത്തി യായിട്ടില്ല. അത് പൂർത്തിയാക്കാൻ കൊടുത്തിരിക്കുകയാണ്. അത് പൂർത്തി യാക്കുന്ന മുറയ്ക്ക് എത്രയും വേഗം കൊണ്ടു വരുന്നതാണ്. ഞാൻ ന്യായീ കരിക്കുന്നില്ല. ചട്ടങ്ങൾ രൂപീകരിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. അത് പരമാവധി വേഗത്തിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കും.

ശ്രീ. എ. കെ. ബാലൻ: സർ, 24.2.2012 ലാണല്ലോ പ്ലാച്ചിമട നിയമം പാസാക്കി കേന്ദ്രത്തിലേക്കയച്ചത്. കേന്ദ്രത്തിൽ നിന്ന് ഒരു ക്വറിയിട്ട് വാട്ടർ റിസോഴ്സ് വകുപ്പിലേക്കയച്ചത്. യഥാർത്ഥത്തിൽ ശ്രീ. ചിതംബരം ഈ നിയമത്തിനെതിരാണ്. കൊക്കകോള കമ്പനി കൊടുത്തിട്ടുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഒരു രൂപത്തിലും പ്രസിഡന്റിന്റെ അംഗീകാരം നേടിയെടുക്കാൻ, കേന്ദ്ര ഗവൺമെന്റിൽ നിന്ന് നിയമം പാസാക്കിയെടുക്കാനുള്ള സാഹചര്യമല്ല ഇപ്പോൾ നിലവിലുള്ളത്. രണ്ടു വർഷമായി അത് കേന്ദ്രത്തിൽ തന്നെ വച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകമായ താത്പര്യം കാട്ടി ഇത് പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലുള്ള കാര്യമാണ്. ഇത് വേഗത്തിൽ കിട്ടാൻ വേണ്ടി ശ്രമങ്ങൾ നടത്തുന്നുണ്ട്. ഈ നിയമം പ്രസിഡന്റിനയയ്ക്കണമെങ്കിൽ 7 ഡിപ്പാർട്ടുമെന്റുകളുടെ അനുമതി വേണം. മൂന്ന് ഡിപ്പാർട്ടുമെന്റിന്റെ അനുമതി കിട്ടിക്കഴിഞ്ഞു. മറ്റ് നാല് ഡിപ്പാർട്ട്മെന്റ് അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ ആഴ്ചയിലും ഓരോ ഡിപ്പാർട്ടുമെന്റിലും ഇതിന്റെ ഫോളോ അപ് ആക്ഷൻ നടത്താൻ വേണ്ടി ഡൽഹിയിലെ റെസിഡന്റ് കമ്മീഷണറെ പ്രത്യേകമായി ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഏറ്റവും വേഗത്തിൽ ആ നാല് മന്ത്രാലയങ്ങളുടെയും അംഗീകാരം കിട്ടിയതിന് ശേഷം പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുന്നതിന് വേണ്ടിയാണ് ശ്രമിക്കുന്നത്. ഏറ്റവും വേഗം കിട്ടുന്നതിന് വേണ്ടി പ്രത്യേകമായ ശ്രദ്ധ ചെലുത്തും

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ചെയർമാൻ ബഹുമാനപ്പെട്ട ശ്രീ. എം. ഉമ്മർ ഇവിടെ

ചൂണ്ടികാണിച്ചത് വളരെ പ്രസക്തമായ ഒരു പ്രശ്നമായാണ് എനിക്ക് തോന്നുന്നത്. ഇവിടെ ബിൽ പാസായിക്കഴിഞ്ഞാൽ ചട്ടം തയ്യാറാക്കുന്നതിന് വേണ്ടി വർഷങ്ങൾ തന്നെയെടുക്കുകയാണ്. ഫയർഫോഴ്സിന്റെ ആക്ട് പാസായിട്ട് ഇനിയും ചട്ടം വന്നോയെന്ന് സംശയമാണ്. അത് ബഹുമാനപ്പെട്ട സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ റിപ്പോർട്ടിൽ കാണുന്നില്ല. നിയമസഭയുടെ നടപടി ചട്ടം തന്നെ ഇതിന് വേണ്ടി ഭേദഗതി ചെയ്തു. അതേതുടർന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതു പോലെ ബിൽ പാസായിക്കഴിഞ്ഞാൽ മൂന്നുമാസമെന്നൊരു സമയ പരിധി വച്ചത്. അങ്ങനെ ചട്ടം ഭേദഗതി ചെയ്തിട്ടും ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് ഇത് സംബന്ധിച്ച് ഒരു താത്പര്യവുമെടുക്കുന്നില്ല. നിയമസഭയുടെ ചട്ടങ്ങളൊന്നും അവർക് ബാധകമല്ല എന്ന തരത്തിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട ചെയർ തന്നെ നിയമസഭാ നടപടി ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ബിൽ പാസായിക്കഴിഞ്ഞാൽ മൂന്ന് മാസത്തിന് മുൻപ് ഇത് തയ്യാറാക്കുന്നില്ലെങ്കിൽ എന്തുകൊണ്ട് കാലതാമസമുണ്ടായി എന്നുള്ള റൂളിംഗ് നമുക്കുണ്ട്. അതുപോലും ചെയ്യുന്നില്ലായെന്നുള്ളതുകൊണ്ട് ഭാവിയിൽ ഇത്തരം കാര്യങ്ങൾക്കു വേണ്ടി സമയബന്ധിതമായി ചെയ്യുന്നതിനുള്ള ഇടപെടൽ ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്ത് കൂടി ഉണ്ടാകണമെന്നാണ് എനിക്ക് ചൂണ്ടികാണിക്കാനുള്ളത്. ഇത്തരത്തിൽ റിപ്പോർട്ട് സമർപ്പിച്ച സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയെ ഞാൻ അഭിനന്ദിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ ഉമ്മൻ ചാണ്ടി</u>): ഇവിടെ 5 കാര്യങ്ങൾ പറഞ്ഞതിൽ ഒന്നിന് കേന്ദ്രത്തിൽ നിന്ന് അനുമതി കിട്ടേണ്ടതാണ്. അത് കിട്ടിക്കഴിഞ്ഞലേ റൂൾസിലേക്ക് പോകാൻ കഴിയൂ. ബാക്കി നാലെണ്ണത്തിൽ രണ്ടെണ്ണത്തിനും റൂൾസായി, സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചയ്ക്ക് വന്നു. ചർച്ചയ്ക്ക്

വന്നപ്പോൾ ഭേദഗതികൾ ഉന്നയിച്ചതും മലയാളത്തിൽ വേണമെന്നുള്ള നിർദ്ദേശം കൂടി വന്നതുകൊണ്ട് അത് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടെണ്ണത്തിനാണ് റൂൾസ് വേഗത്തിലാക്കാനുള്ളത്.. 2009ലെ ദി പമ്പാ റിവർ ബെയ്സിൻ അതോറിറ്റി ആക്ടിന് ഒരു അഞ്ചംഗ കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്. അതുപോലെ തന്നെ ശമ്പളവും ബത്തയും സംബന്ധിച്ചുള്ളതിൽ, ഭവന നിർമ്മാണ വായ്പയുടെ റൂൾസ് ഫൈനലൈസ് ചെയ്യാത്തതുകൊണ്ടാണ്. അഞ്ച് റൂൾസിൽ രണ്ടെണ്ണമാണ് റൂൾസിന്റെ കാര്യത്തിൽ 90 ദിവസത്തിനപ്പുറത്തേക്ക് പോയത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങേയ്ക്കെന്തെങ്കിലും പറയുവാനുണ്ടോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): സർ, ലാ ഡിപ്പാർട്ട്മെന്റിൽ താമസമൊന്നുമില്ല. അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിൽ നിന്ന് ലാ ഡിപ്പാർട്ടുമെന്റിൽ വന്നാലുടൻ തന്നെ ലാ ഡിപ്പാർട്ടുമെന്റ് ഫ്രെയിം ചെയ്ത് കൊടുക്കും. എം.എൽ.എ-മാരുടെ വായ്പയെ സംബന്ധിച്ചതിൽ ചിലതിന് ഫർദർ ഡിസ്ക്കഷൻസ് വേണ്ടി വരും

## റൂളിംഗ്

<u>മി. സ്പീക്കർ</u>: നിയമസഭ പാസ്സാക്കിയ അഞ്ച് നിയമങ്ങൾ സംബന്ധിച്ച റൂളുകൾ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല എന്നതാണ് ശ്രീ.എം.ഉമ്മർ ഇവിടെ ക്രമപ്രശ്നമായി ഉന്നയിച്ചിട്ടുള്ളത്. 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് 5-9-2010-ലും 2009-ലെ ദി പമ്പാ റിവർ ബേസിൻ അതോറിറ്റി ആക്ട് 15-10-2009-ലും 2010-ലെ കേരള പ്രിസണുകളും സംശു

ദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ട് 12-05-2010-ലും 2012-ലെ ശമ്പളവും ബത്തകളും സംബന്ധിച്ച (ഭേദഗതി) നിയമം 2-04-2012-ലും ആക്ടായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമസഭാ നടപടി ചട്ടം 238(2) പ്രകാരം ഒരു സ്റ്റാറ്റ്യൂട്ട് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാര ങ്ങൾക്ക് അനുസൃതമായി ഉണ്ടാക്കേണ്ടതായിട്ടുള്ള കരട് ചട്ടങ്ങൾ എത്രയും വേഗം തയ്യാറാക്കേണ്ടതും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക്, ഏതൊരു സംഗ തിയിലും പ്രസ്തുത ആക്ടിന്റെ ഗസറ്റിലെ പ്രസിദ്ധീകരണ തീയതി മുതൽ 90 ദിവസങ്ങൾക്ക് പിൻപല്ലാതെ അയച്ചുകൊടുക്കേണ്ടതുമാണ്. സബ്ജക്ട് കമ്മിറ്റികൾ ചട്ടങ്ങൾ കൈപ്പറ്റിയ തീയതി മുതൽ 3 മാസത്തിനുള്ളിൽ അവ പരിഗണിക്കേണ്ടതാണ്. നിയമസഭാ നടപടി ചട്ടത്തിൽ ഈ ഭേദഗതി 08042010 -ൽ വരുത്തിയതാണ്. 1962-ൽ പാസ്സാക്കിയ ഫയർ ഫോഴ്സ് നിയമത്തിന് 2009 വരെ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല എന്ന വസ്തുത സഭയുടെ ശ്രദ്ധയിൽപ്പെ ട്ടതനുസരിച്ചാണ് നിയമസഭ പാസ്സാക്കുന്ന നിയമങ്ങൾക്ക് സമയബന്ധിതമായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിനായി നിയമസഭാ നടപടി ചട്ടത്തിൽ 238(2) എന്ന നിബന്ധന അന്ന് ഉൾക്കൊള്ളിച്ചത്. ശ്രീ. ഉമ്മർ തന്ന നോട്ടീസിൽ പറഞ്ഞി ട്ടുള്ള പ്ലാച്ചിമട കൊക്കക്കോള സ്പെഷ്യൽ ട്രൈബ്യൂണൽ ബിൽ സഭ പാസ്സാ ക്കിയെങ്കിലും അതിന് പ്രസിഡന്റിന്റെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ലാത്തതി നാൽ അത് ആക്ടായി പ്രസിദ്ധീകരിച്ചിട്ടില്ല. ശേഷിക്കുന്ന നാല് ബില്ലു കൾക്കും ചട്ടങ്ങൾ ഉണ്ടാക്കാനുള്ള സമയപരിധി ഇതിനകം കഴിഞ്ഞിട്ടുണ്ട്. 2012-ലെ നിയമസഭാ സാമാജികരുടെ ശമ്പളവും ബത്തകളും ഭേദഗതി നിയമ ത്തിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കേണ്ട അംഗങ്ങളുടെ ഭവന നിർമ്മാണം സംബന്ധിച്ച ഒരു ചട്ടം ഒഴികെ ബാക്കിയെല്ലാ ചട്ടങ്ങളും ഇതി നകം തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമസഭ പാസ്സാക്കുന്ന നിയമങ്ങൾക്ക്

ചട്ടം 238(2)ൽ അനുശാസിക്കുന്ന സമയപരിധക്കുള്ളിൽ ചട്ടങ്ങൾ ഉണ്ടാക്കി പ്രസ്തുത നിയമം നടപ്പിൽ വരുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സർക്കാർ ഭാഗത്തുനിന്നും സ്വീകരിക്കണമെന്ന് ചെയർ റൂൾ ചെയ്യുന്നു.
അടിയന്തരചോദ്യവുമായി ബന്ധപ്പെട്ട് ശ്രീ. എ. കെ. ബാലൻ എഴുതി തന്ന...., അതിനുമുമ്പ് ശ്രീ. കെ. സുരേഷ് കുറുപ്പ് ആ സന്ദർഭത്തിൽ എണീക്കുകയും ചെയ്തിരുന്നു. ചട്ടം 26 അനുസരിച്ച് ചോദ്യങ്ങൾക്കുള്ള സമയം സ്പീക്കർ മറ്റു പ്രകാരം നിർദ്ദേശിക്കാത്ത പക്ഷം ഏത് യോഗത്തിന്റെയും ആദ്യത്തെ ഒരു മണിക്കൂർ ചോദ്യങ്ങൾ ചോദിക്കാനും മറുപടി പറയുവാനുമായി ലഭ്യമായിരിക്കുന്നതാണ്. ചട്ടം 48-ൽ പറയുന്നത് വാക്കാൽ മറുപടി പറയുന്നതിനുള്ള ചോദ്യങ്ങളുടെ പട്ടികയിൽ കാണുന്ന ചോദ്യങ്ങൾ തീർപ്പാക്കിയശേഷം ഉടൻ തന്നെ അടിയന്തിര ചോദ്യം വയ്ക്കേണ്ടതാണ്. ബന്ധപ്പെട്ട മന്ത്രി മറുപടി നൽകാമെന്ന് സമ്മതിക്കുന്ന പക്ഷം അങ്ങനെയുള്ള ചോദ്യത്തിന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്ന ദിവസം......അതെല്ലാം മന്ത്രിയുടെ അവകാശമാണ്, നിയമസഭാ സെക്രട്ടേറിയറ്റിന്റേതല്ല, മറുപടി നൽകേണ്ടതും വാക്കാൽ മറുപടി പറയുന്നതിനുമുള്ള ചോദ്യങ്ങളുടെ പട്ടികയിൽ കാണുന്ന ചോദ്യങ്ങൾ തീർപ്പാക്കിയശേഷം ഉടൻ തന്നെ ആ ചോദ്യം വിളിക്കേണ്ടതുമാണ്. ഇവിടെയാണ് ഒരു ആശയക്കുഴപ്പം...., ഞാൻ പറയട്ടെ. ഒരു മണിക്കൂർ അനുവദിച്ചിട്ടുള്ള ക്വസ്റ്റ്യൻ....., ഞാൻ പറയാം, നിയമസഭ തുടങ്ങിയതുമുതൽ തുടർന്നുവരുന്ന ഒരു കീഴ്വഴക്കം കൊണ്ടുപോയെന്നെയുള്ളൂ.....

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഇത് രാവിലെ ഉന്നയിച്ചപ്പോഴും എനിക്ക് അവസരം കിട്ടിയില്ല. എനിക്ക് പ്രധാനമായും പറയാനുള്ളത് ഏത് പ്രീസിഡന്റാണെങ്കിലും അത് ചട്ടത്തിന് കീഴെയാണ്. നമ്മുടെ റൂൾസിൽ,

48(2), if the Minister concerned agrees to day to be indicated by the demand shall be called immediately after the questions, which have appeared in the list of questions for oral answer, have been disposed of. എന്നു വച്ചാൽ ക്വസ്റ്റ്യൻ ലിസ്റ്റിലുള്ള ചോദ്യോത്തരസമയത്തിന് ശേഷം....., ഡിറ്റോ റൂളാണ് ലോക്സഭാ പ്രൊസീഡിംഗിസിനുമുള്ളത് ശക്തർ ആന്റ് കൗളിലും ഇത് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ചോദ്യോത്തരസമയത്തി നുശേഷമാണ് ഈ ഷോർട്ട് നോട്ടീസ് ചോദ്യം എടുക്കുന്നത്. അങ്ങ് തീരുമാ നിക്കുക.

മി. സ്പീക്കർ: ശക്തർ ആന്റ് കൗൾ തന്നെ സ്വീകരിക്കണമെന്നില്ല. നമുക്ക് നമ്മുടെ ചട്ടങ്ങളുണ്ട്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ ഒന്ന് പറയട്ടെ. അങ്ങ് ചോദ്യോത്തരവേളയുടെ അവസാനത്തെ 5 മിനിട്ടാണ് ഇതിന് കൊടുത്തത്. ഈ ഷോർട്ട് നോട്ടീസ് ചോദ്യത്തിന് അവസാനത്തെ അര മണിക്കൂർ കൊടു ക്കണമെന്ന് തീരുമാനിച്ചാലോ? ഇത് വളരെ പ്രശ്നമുള്ള....

മി. സ്പീക്കർ: അതിനാണ് ഞാൻ കീഴ്വഴക്കത്തെ....

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, കീഴ്വഴക്കം തെറ്റാണ്. കീഴ്വഴക്കം റൂൾസിന് വിധേയമായി മാത്രമേ....അല്ലെങ്കിൽ റൂൾസ് ചെയ്ഞ്ച് ചെയ്യണം. റൂൾസ് വളരെ വ്യക്തമാണ്. ഷോർട്ട് നോട്ടീസ് ക്വസ്റ്റ്യൻ ചോദ്യോത്തരസമയ ത്തിനുശേഷം മാത്രമേ എടുക്കാൻ പാടുള്ളൂവെന്ന് കൗൾ ആന്റ് ശക്ധറിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്

മി. സ്പീക്കർ: ഞാൻ ഒരു കാര്യം ക്ലിയറായി പറഞ്ഞിട്ടുണ്ട്. ഒരു മണി ക്കൂറാണ് ചോദ്യോത്തരത്തിനുള്ളത്. അതിനകത്ത് 30 ചോദ്യമാണ് ഒരു മണി

ക്കൂറിൽ ലിസ്റ്റ് ചെയ്തിരിക്കുന്നത്. വാക്കാൽ ചോദിച്ചുകഴിഞ്ഞ് ഉത്തരം പറഞ്ഞതിനുശേഷം അടിയന്തിരചോദ്യം എടുക്കുക എന്നു പറഞ്ഞാൽ ഒരു കാലത്തും ഇതിനനുസരിച്ച് അടിയന്തിരചോദ്യം വരില്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, അത് ഒരിക്കലും വരില്ല.

മി. സ്പീക്കർ: അതുകൊണ്ടാണ് നമ്മുടെ പൂർവ്വികന്മാർ ഒരു ് ശമാലറശമ എടുത്ത് അഞ്ചുമിനിട്ട് ഇതിനുവേണ്ടി മാറ്റിവച്ചത്. എന്റെ മുമ്പി ലിരിക്കുന്ന ബഹുമാനപ്പെട്ട മുൻ സ്പീക്കർമാർ ഉൾപ്പെടെയുള്ളവർ സ്വീക രിച്ച മാർഗ്ഗത്തിന് പുറകേ ഞാനും വന്നത്. അത്രേയുള്ളൂ.....

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഇത് റൂൾസിന് വിരുദ്ധമാണ്. കൗൾ ആന്റ് ശക്ധറിൽ വ്യക്തമായി പറയുന്നു:- അടിയന്തര ചോദ്യമെടുക്കേണ്ടത് ചോദ്യോത്തരസമയത്തിനു ശേഷമാണ്. ലോക്സഭയിലും ഡിറ്റോ പ്രൊസീ ഡിംഗിസാണ്.

മി. സ്പീക്കർ: ഇവിടെ ഇത് ഫോളോ ചെയ്താൽ എന്തുവരും? ലോക്സഭാ പ്രൊസീഡിംഗ്സിൽ എല്ലാം അതുപോലെ നമ്മൾ ഫോളോ ചെയ്യണമെന്നില്ല. അത് തന്നെയാണ് ഞാൻ വായിച്ചത്. വാക്കാൽ മറുപടി പറയുന്ന ചോദ്യങ്ങളുടെ പട്ടികയിൽ കാണുന്ന ചോദ്യങ്ങൾ തീർപ്പാക്കിയതി നുശേഷം....., അത് തീർപ്പാക്കണമെങ്കിൽ ഒരു മണിക്കൂർ മാത്രമേ നമ്മുടെ മുമ്പിലുള്ളൂ. തർക്കിക്കുന്നതിനു വേണ്ടിയാണെങ്കിൽ തർക്കിച്ചോളൂ...., ഏത് തർക്കവും...., ഇത് നെവർ എന്റിംഗ് പോയിന്റ് പോലെ ചർച്ച ചെയ്യേണ്ട കാര്യ മില്ല. ചട്ടവിരുദ്ധമല്ല ഇത്.

ശ്രീ. എ. കെ. ബാലൻ: സർ, തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്ന 274-ാം ചോദ്യം എന്റെ ചോദ്യമാണ്. ബഹുമാനപ്പെട്ട അങ്ങ് ചെയ്തത്, അഞ്ചുമിനിട്ട് ഉണ്ടായിരുന്നപ്പോൾ 273 കഴിഞ്ഞ് ബോധ

പൂർവ്വം എന്റെ ചോദ്യം വരുന്നതിന് തടസ്സം നിന്നു എന്നു പറയുന്നില്ല. ഞാൻ ചോദിക്കട്ടെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മദ്യഷാപ്പ് നൽകുന്നതുമായി ബന്ധപ്പെട്ട് എന്ത് അടിയന്തിര ചോദ്യമാണ്? ബഹുമാനപ്പെട്ട സ്പീക്കർക്ക് അടിയന്തരചോദ്യം അനുവദിക്കാം. അതിൽ യാതൊരു സംശയവുമില്ല. പക്ഷേ അത് ചോദ്യോത്തരസമയവേള കഴിഞ്ഞതിനുശേഷം മാത്രമേ എടുക്കാൻ പറ്റുള്ളൂ.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ ആദ്യമായിട്ടാണ് നിയമസഭയിൽ വരുന്നതും അടിയന്തിരചോദ്യം കാണുന്നതും കേൾക്കുന്നതുമൊക്കെ ആദ്യമായിട്ടാണോ? ഇത് ശരിയല്ല. മറവി ഒരു രോഗമല്ല. അതിനുവേണ്ടി മാത്രമാണ് ഇത് ഉന്നയിച്ചത്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഒരു തെറ്റ് നിരന്തരം ചെയ്യാതെ അത് മാറ്റണം. പ്രീസിഡന്റ് റൂൾസിന് കീഴെയാണ്. അങ്ങനെയാണെങ്കിൽ റൂൾസ് തിരുത്തിയാൽ മതി.

മി. സ്പീക്കർ: പല കീഴ്വഴക്കങ്ങളും......പ്ലീസ്, പ്ലീസ്....., ഞാൻ വൈൻഡ് അപ് ചെയ്യാം. കീഴ്വഴക്കങ്ങൾ......, ഒരു കാര്യം, അപ്രധാനമായ ഒരു വിഷയമെടുത്ത് അടിയന്തിര ചോദ്യം അനുവദിച്ചാൽ അടിയന്തിര ചോദ്യം അനുവദിക്കുന്ന അത്തരം ഒരു റിക്വസ്റ്റ് ചെയറിന് മുമ്പ് വന്നാൽ ചെയർ അത് വകുപ്പുമന്ത്രിക്കു അയച്ചുകൊടുക്കും. ഈ ക്വസ്റ്റ്യൻ എടുക്കണമോ എന്ന് തീരുമാനിക്കേണ്ടത് ചെയറല്ല, അത് വകുപ്പുമന്ത്രിയാണ്. ശ്രീ. എ. കെ. ബാലൻ മന്ത്രിയായിരുന്നപ്പോൾ അടിയന്തിരചോദ്യങ്ങൾ വന്നു കാണുമെന്ന് വിശ്വസിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ചട്ടങ്ങൾക്ക് വിരുദ്ധമാണ് കീഴ്വഴക്കങ്ങൾ എന്നു പറയുന്നതിനകത്ത് അർത്ഥമില്ല. കാരണം ഒരു മണിക്കൂറാണ്

ചോദ്യോത്തരസമയം ആയി ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്നത്. ആ ഒരു മണിക്കൂർ എന്നുപറയുന്നത്....., ഇവിടെ ചട്ടം 48-ൽ പറഞ്ഞിരിക്കുന്നത് ലിസ്റ്റ് ഓഫ് ക്വസ്റ്റ്യൻസ് മുഴുവൻ ആൻസർ ചെയ്തതിനുശേഷം എന്നു പറഞ്ഞു കഴിഞ്ഞാൽ ആ ലിസ്റ്റ് ഓഫ് ക്വസ്റ്റ്യൻസ് ഒരിക്കലും തീരില്ല. ഒന്നോ രണ്ടോ എണ്ണം മാത്രമേ തീരുകയുള്ളൂ. ....(ബഹളം)..... ഞാൻ നിങ്ങൾ പറഞ്ഞത് മുഴുവൻ കേട്ടില്ലേ? ശ്രീ. കെ. സുരേഷ് കുറുപ്പ് അങ്ങ് എന്തിനാണ് അക്ഷമനാകുന്നത്? അങ്ങ് പറയുന്നത് മാത്രമാണ് നിയമം എന്ന് കരുതരുത്? ഈ ലിസ്റ്റ് ഓഫ് ക്വസ്റ്റ്യൻസ് തീരുന്നില്ല, എന്നു മാത്രമല്ല ഇത് വേശര ശര മഹറീ മ ൂൗലശൈറീ മിംെല്യ, ആ ക്വസ്റ്റ്യൻ ആൻസറിനെ ഒരു മണിക്കൂറിനകത്ത് ഒതുക്കുന്നത് നിയമവിരുദ്ധമല്ലാത്തതുകൊണ്ടാണ് മുൻ സ്പീക്കർമാർ ഇത് കീഴ്വഴക്കമാക്കിയത്. അല്ലാതെ നിയമവിരുദ്ധമായിട്ടുള്ള കീഴ്വഴക്കമല്ല. അതിനെ റീ-ഓപ്പൺ ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: ഏതായാലും സംശയങ്ങൾ തീർന്നുപോകുന്നത് നല്ലതാണ്. അടിയന്തരമായി ഏത് ചോദ്യമാണ് എടുക്കേണ്ടതെന്നുള്ളത് മന്ത്രി തീരുമാനിക്കേണ്ട കാര്യമാണ്. ഇത് പ്രധാനപ്പെട്ട ചോദ്യമാണ്. നമ്മൾ ഇവിടെ ചോദിക്കുന്ന ചോദ്യങ്ങളും ചർച്ച ചെയ്യുന്നതുമെല്ലാം വളരെ പ്രധാനപ്പെട്ടതാണോ?

ശ്രീ. എ. കെ. ബാലൻ: സ്പീക്കർക്ക് ഏറ്റവും പ്രധാനപ്പെട്ടതാണെന്ന് ബോധ്യമുള്ള ചോദ്യങ്ങൾക്കാണ് അനുമതി കൊടുക്കുന്നത്.

മി. സ്പീക്കർ: നോ, നോ... ലോട്ടിട്ട് വരുന്നതാണ്. സ്പീക്കറല്ല, അടിയന്തര ചോദ്യം വേണമെന്ന് തീരുമാനിച്ചുകൊണ്ട് എനിക്ക് വരുന്ന ഏത് റിക്വസ്റ്റ് ആയാലും അത് വകുപ്പുമന്ത്രിക്ക് അയച്ചുകൊടുക്കുകയാണ്

ചെയ്യുന്നത്. ഇത് പുതിയ സഭയല്ല, പുതിയ സ്പീക്കറല്ല, പുതിയ ചട്ടങ്ങളല്ല, പുതിയ കീഴ്വഴക്കങ്ങളല്ല. ഇതു നമ്മൾ തുടരുന്നതാണ്. സന്ദർഭത്തിനനുസ രിച്ച് ഓരോ തവണയും മാറ്റുന്നതും ശരിയല്ല.

ശ്രീ. വി. ഡി. സതീശൻ: 48 (2)-ൽ വളരെ കൃത്യമായാണ് പറയുന്നത്. നിങ്ങൾ എന്തിനാണ് ആവർത്തിച്ച് പറയുന്നത്; നിങ്ങളെല്ലാവരും പറഞ്ഞില്ലേ; ഞങ്ങൾക്കും പറയാനുള്ള അവകാശമില്ലേ? സ്പീക്കർ അനുവദിച്ചാൽ ഒരു മെമ്പർക്ക് പറയാനുള്ള അവകാശമുണ്ട്. 'If the Minister concerned agrees to reply such question shall be answered on a day to be indicated by him and shall be called immediately after the questions which have appeared in the list of questions for oral answer have been disposed of.' immediately after the questions എന്നാണ് പറയുന്നത്. അല്ലാതെ immediately after the question hour എന്നല്ല. ലിസ്റ്റ് ചെയ്തിരിക്കുന്ന ക്വസ്റ്റ്യനിൽ എത്ര ക്വസ്റ്റ്യൻ വിളിക്കണമെന്നത് സ്പീക്കറുടെ ഡിസ്ക്രീഷനാണ്. സ്പീക്കർക്ക് വേണമെങ്കിൽ അന്ന് വന്നിട്ടുള്ള 10 ക്വസ്റ്റ്യനും വിളിക്കാം 15 ക്വസ്റ്റ്യനും വിളിക്കാം. 3 ക്വസ്റ്റ്യനോ 4 ക്വസ്റ്റ്യനോ മാത്രം വിളിക്കുന്നത് സ്പീക്കറുടെ ഡിസ്ക്രീഷനാണ്. അതുകൊണ്ട് ലിസ്റ്റ് ചെയ്തിരിക്കുന്ന ക്വസ്റ്റ്യ നിൽ സ്പീക്കർ വിളിച്ചതിനുശേഷം വിളിക്കുന്നു. ഒരു മണിക്കൂർ ക്വസ്റ്റ്യൻ അവറാണ്. അല്ലെങ്കിൽ ഇവിടെ കൃത്യമായും immediately after the question hour എന്ന് പറയുമായിരുന്നു. മറിച്ച് ഇവിടെ പറഞ്ഞിട്ടില്ല. ഇതാണ് ചട്ടം.

# റൂളിംഗ്

മി. സ്പീക്കർ: അടിയന്തര ചോദ്യം സംബന്ധിച്ച ചട്ടം 48 (2) പ്രകാരം വാക്കാൽ മറുപടി പറയുന്ന ചോദ്യങ്ങളുടെ പട്ടികയിൽ കാണുന്ന ചോദ്യങ്ങൾ തീർപ്പാക്കിയ ശേഷം ഉടൻതന്നെ അടിയന്തര ചോദ്യം വിളിക്കണമെന്നാണ്. വാക്കാൽ മറുപടി നൽകുന്ന ചോദ്യങ്ങളുടെ പട്ടികയിൽ ഇപ്പോൾ 30 ചോദ്യങ്ങളാണ് ഉൾപ്പെടുത്തുന്നത്. മേൽപ്പറഞ്ഞ ചട്ടം കൃത്യമായി പാലിക്കണമെങ്കിൽ 30 ചോദ്യങ്ങളുടെയും പരിഗണനയ്ക്കുശേഷം മാത്രമേ അടിയന്തര ചോദ്യമെടുക്കുവാൻ സാധിക്കുകയുള്ളൂ. ചട്ടം 26 പ്രകാരം ആദ്യത്തെ ഒരു മണിക്കൂർ ചോദ്യോത്തരങ്ങൾക്കുള്ള സമയമായി നിജപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ സഭയിൽ പിന്തുടരുന്ന നടപടിക്രമം അനുസരിച്ച് ചോദ്യോത്തരവേള അവസാനിക്കുന്നതിന് അഞ്ച് മിനിട്ട് മുമ്പ് വാക്കാൽ മറുപടി പറയുവാനുള്ള പട്ടികയിലെ ചോദ്യങ്ങൾ എടുക്കുന്നത് നിർത്തി വച്ചുകൊണ്ട് അടിയന്തിര ചോദ്യമെടുക്കുകയാണ് ചെയ്യുന്നത്. ഈ നടപടിക്രമമാണ് കഴിഞ്ഞ മുപ്പത് വർഷമായി സഭ തുടർന്നുവരുന്നത്. ഇതേ നടപടിക്രമംതന്നെയാണ് ചെയർ ഇന്നും സ്വീകരിച്ചത്.